
ഡിജിറ്റൽ മാഗസിൻ
2018-19
GOVT. Girl's Vocational Higher Secondary School
തൂവൽ
little KITEs
കഥ
കവിത
യാത്രാവിവരണം
ജി.ജി.വി.എച്ച്.എസ്.എസ്
ചെറുകുന്ന്

kerala Infrastructure And Technology For Education

ഡിജിറ്റൽ മാഗസിൻ
2018-19

# ളുവൽ

## ജി.ജി.വി.എച്ച്.എസ്.എസ് ചെറുകുന്ന്

എഡിറ്റോറിയൽ ബോർഡ് :

എഡിറ്റർ: കാർത്തിക

സബ്ബ് എഡിറ്റർ: രസിക.വരയിൽ

അംഗങ്ങൾ: സിയാന അഹമ്മദ് എസ് എ പി

ആര്യ.പി

അനാമിക സുജിത്ത്

നന്ദന രാജീവ്

ഹൃദ്യശ്രീ ടി

ജംഷീറ പി വി

# ആമുഖം

ലോകം ഇന്ന് കംപ്യൂട്ടർ യുഗത്തിലേക്ക് കുതിക്കുകയാണ്. കുട്ടികൾ നാളയുടെ വാഗ്ദാനങ്ങളാണ്.അതിനാൽ കുട്ടികളെ കംപ്യൂട്ടറുമായി കൂടുതൽ ഇടപഴകുവാനും വികസനത്തിന്റെ പാത തുറന്നുകൊടുക്കുന്നതിനായി സ്കൂളുകളിൽ രൂപപ്പെടുത്തിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റസ് .

ആദ്യഘട്ടങ്ങളിൽ നമ്മുടെ മാതൃഭാഷയെ പിന്തള്ളി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം നൽകി. അതിലൂടെ കുട്ടികൾ മലയാള ഭാഷയെ കംപ്യൂട്ടർ ലോകത്തിൽ നിന്നും ഉപേക്ഷിച്ചു. എന്നാൽ കുട്ടികൾ തങ്ങളുടെ മാതൃഭാഷയ്ക്ക് സമമായി പരിഗണിക്കാനും ഉപയോഗിക്കുവാനും ടൈപ്പിങ് പഠിക്കുവാനും ജീവിതത്തിലുടനീളം അത് ഉപയോഗിക്കുവാനും വേണ്ടിയാണ് ഇ-മാസിക പദ്ധതി ലക്ഷ്യം ഇടുന്നത്.

ഇ-മാസികയിലൂടെ കഥാകവിതാ തുടങ്ങിയ രചനകൾ എഴുതുന്ന കുട്ടികൾക്ക് ഇതൊരു പ്രോത്സാഹനമാണ്.സർഗാത്മകതയുള്ള കുട്ടികൾക്ക് ഇതൊരു പ്രചോദനമാണ്. ഇതിലൂടെ അവർക്ക് കൂടുതൽ എഴുതുവാനും വായിക്കുവാനും പ്രോത്സാഹനം കിട്ടുകയാണ്.അതുകൊണ്ട് തന്നെ ഇ-മാസിക ഐ.ടി മേഖലയിൽ മാത്രമല്ല ഭാഷാ മേഖലയിലും സ്വാധീനം ചെലുത്തുന്നു. ലിബറോഫീസ് റൈറ്ററും ജിമ്പ് ഇമേജ് എഡിറ്ററും ഉപയോഗിച്ചുകൊണ്ടാണ് എല്ലാ പ്രവർത്തനങ്ങളും തയ്യാറാക്കിയത്. ഇതിന്റെ ലക്ഷ്യം കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ച് എടുക്കുക എന്നുള്ളതാണ്.

പരന്ന വായനയുടെ ലോകത്തേക്ക് ഒരു തുറന്ന ജാലകമായി ഇ – മാസിക നിങ്ങൾക്കായി സമർപ്പിക്കുന്നു..........

*******************

**ഉള്ളടക്കം**

നിപ............................................................................9
മഴയുടെ കൈയൊപ്പ്.................................................................10
സൈക്കിൾ ബെല്ല്......................................................................11
ഒരു സ്വപ്നം..............................................................................13
പാൽക്കട്ട മോഷ്ടിച്ച കുറുക്കൻ...................................................15
വൃദ്ധമാത..................................................................................17
ചക്കി പൂച്ചയും മിന്നുവും.........................................................19
ഒരു കംബ്യൂട്ടർ യുഗം.................................................................20
എന്റെ യാത്ര.............................................................................23
കന്യാകുമാരിയിലേക്ക്.................................................................26
മൈസൂർ യാത്ര..........................................................................31
വിഷമഴ......................................................................................34
വിശേഷവിചാരങ്ങൾ.................................................................36
Good friends...........................................................................40
The peacock and the sparrow.........................................42
The birds...................................................................................43
The internet...........................................................................44
Humming bird and the flowers........................................46
Mother:more than what we see and know.......................47
The boy musician.....................................................50
कभी तो वह दिन भी आएगा.........................................................53

*********************

## ആശംസകൾ



വിവരസാങ്കേതികവിദ്യയുടെ രീതികളെല്ലാം തന്നെ അനായാസമായി കൈക്കൊള്ളുകയാണ് വിദ്യാഭ്യാസ മേഖല. ഇ-മാഗസിൻ എന്ന ആശയം കുട്ടികൾ മുന്നോട്ട് വെക്കുന്നത് തികച്ചും സ്വാഭാവികമാണ്. ഇതിന്റെ നിർമാണപ്രക്രിയയ്ക്ക് സാങ്കേതികതയുടെ വിവിധവശങ്ങൾ പ്രയോജനപ്പെടുത്താനാകുമെന്നത് എടുത്ത് പറയേണ്ട മേന്മയാണ്. ഒപ്പം സർഗാത്മകതയുടെ ചലനവും ഇതിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നുവെന്നതും സന്തോഷകരമായ വസ്തുതയാണ് . കുട്ടികളുടേയും അധ്യാപകരുടേയും കൂട്ടായ്മയിൽ നിർമിച്ചെടുക്കുന്ന ളുവൽ എന്ന മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

-വിജയൻ മാസ്റ്റർ
(പ്രധാനാധ്യാപകൻ)



നാളെയുടെ ഭാവിസ്വപ്നങ്ങൾ സ്വരുക്കൂട്ടി വർണ്ണാഭമാക്കുവാൻ നിങ്ങളുടെ ഓരോ ഉുവലിനും കഴിയട്ടെ.

- സുധ ടീച്ചർ
(എസ്.ഐ.ടി.സി)



അനസ്യൂതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനമണ്ഡലത്തിൽ കടലാസുകളും ലേഖനികളും നൂതന വിവരസാങ്കേതികവിദ്യയ്ക്ക് വഴിമാറിക്കൊടുത്തപ്പോൾ നമ്മുടെ കുട്ടികളുടെ ഭാവനകൾ ഉുവലുകളായി ഇ- രചനകളായി നിങ്ങൾക്ക് മുമ്പിലെത്തുന്നു. കുട്ടികളുടെ ഭാവനയുടെ വാതായനം തുറന്ന് പറന്നുവന്ന ഈ ഉുവലുകൾ സഹൃദയമനസ്സിൽ പൊൻഉുവലുകളാകട്ടെ .

-നാരായണൻ മാസ്റ്റർ
(മാസ്റ്റർ കൈറ്റ്)



ഭാവിയിലേക്ക് ഇതൾ നീട്ടി നിൽക്കുന്ന ഈ കുരുന്നുകളുടെ ഭാവനയുടെ ഓരോ ഉുവലുകളും വിഹായസ്സിൽ പറന്നുയരട്ടെ.

- സോജി ടീച്ചർ
(മിസ്സ്ട്രസ്സ് കൈറ്റ്)

*********************


മലയാളം


കവിതകൾ



# നിപ



ദേവിക.വി നമ്പ്യാർ
7.സി

പെട്ടന്നോരാ രാവിൽ പുറപ്പെട്ട
നാമമാണീ നിപ
ഈ ബാധ എങ്ങനെ വന്നുവെന്നാർക്കറിയാം
ഇന്നീ നിപ കാരണം എന്തു
കഴിച്ചീടണമെന്നറിയില്ലെനിക്ക്
നിപയ്ക്കു കാരണം വവ്വാലുകൾ മാത്രമോ?
ഈ വവ്വാലിനോട്.
പെട്ടെന്നൊരാ രാവിൽ  പുറപ്പെട്ട
നാമമാണീ നിപ.
നിപ[1] കൊന്നൊടുക്കിയത് അനേകം
പേരുടെ സ്വപ്നങ്ങൾ
ഇന്നീ നിപ കാരണം വിശ്വസിച്ചൊരു
മാമ്പഴം പോലും കഴിക്കാനാവതില്ലിതാർക്കും
പഴങ്ങൾ നോക്കി കൊതിക്കുവാൻ
മാത്രമേ യോഗമുള്ളൂ മനുഷ്യന്
പെട്ടന്നൊരാ രാവിൽ പുറപ്പെട്ട
നാമമാണീ നിപ.

1 വവ്വാലുകളാൽ കേരളത്തെ ഭീതിയിലാക്കിയ വൈറസ്

# മഴയുടെ കൈയ്യൊപ്പ്



-ശ്രീഹിത.ടി

6.എ

മഴമേഘം ഉവിട്ട താമര  പൊയ്ക
ഭ്രുവനേശ്വരി പുണരുന്ന പൊയ്ക
ഗുരു പാദം ഉണരുന്ന ആമ്പൽ പൊയ്ക[2]
ചാരുതലത്തിന്റെ സാന്ദ്രമാം പൊയ്ക
കോകിലം പാടുന്ന രംഗമാം പൊയ്ക
അമ്പിളി മാമന്റെ പാലൊഴുകും പൊയ്ക
ദൈവത്തിന്റെ സ്വന്തമാം പൂവാണീ പൊയ്ക
താമര ഇതളിന്റെ ഓമനപ്പൊയ്ക
കാല്ച്ചിലമ്പ്കിലക്കുന്ന പെണ്ണിന്റെ പൊയ്ക
ഹൃദയം അലിയുന്ന അരുവിയാം പൊയ്ക
മലയാള മണ്ണിന്റെ സ്വന്തമാം പൊയ്ക
മായുള്ള ഓമന ........

**പദശേഖരം**


ആവൽ........................................................................................................................1
കോകിലം....................................................................................................................1
പൊയ്ക........................................................................................................................1
മായുള്ള........................................................................................................................1
സാന്ദ്രമാം....................................................................................................................1


**********************

2 തടാകം

# സൈക്കിൾ ബെല്ല്

രാഗിത ഇ
8.D




ഓടുന്നുണ്ട്,നിർത്തുന്നുണ്ട്
അങ്ങനെ,
എൻെറ ഊഴമായി.
ഞാൻ കയറിയിരുന്നു
പതിയെ ചവിട്ടി
അതു നീങ്ങി
ഞാൻ കൈചരിച്ചപ്പോൾ
എന്തോ വന്ന്
കൈയ്യിൽ മുട്ടി
ഞാനത് ഒന്ന് തൊട്ടു
അത് അമർന്നു
അതിൽ നിന്ന്
ശബ്ദം ഒഴുകി വന്നു
എനിക്ക് മനസ്സിലായി
അത് ഞാനോടിക്കുന്ന
സൈക്കിളിൻെറ ബെല്ലായിരുന്നു.

**********************



# ഒരു സ്വപ്നം



ലിയോന രാജേഷ്
5 B

ഒരു നാട്ടിൽ അപ്പു എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൻ സത്യസന്ധനും സൽസ്വഭാവിയുമായിരുന്നു .അങ്ങനെ ഒരു ദിവസം രാത്രി അവനൊരു സ്വപ്നം കണ്ടു .ഒരു ദിവസം പന്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ പന്ത് കാട്ടിലേക്ക് പോയി. പന്തിന്റെ പിന്നാലെ പോയപ്പോൾ കാട്ടിന്റെ നടുക്കൊരു വാതിൽ കണ്ടു . ആ വാതിൽ തുറന്നപ്പോൾ കണ്ടത് വിശാലമായ സ്ഥലമായിരുന്നു.അവനവിടെ പന്ത് തിരഞ്ഞു നടന്നു. അവന് അവിടെ നിന്ന് വളരെ ദാഹം തോന്നി. അവൻ വെള്ളം കുടിക്കാൻ വീട്ടിലേക്ക് പോകാൻ വേണ്ടി തിരിഞ്ഞപ്പോൾ വാതിൽ വളരെ ദൂരെ അപ്പോൾ അവൻ തിരിഞ്ഞു നടക്കാതെ കുറച്ചു ദൂരം മുന്നോട്ടു നടന്നു. അവൻ കുറച്ചു ദൂരം എത്തിയപ്പോൾ അവൻ അരുവിയുടെ ശബ്ദം കേട്ട് അങ്ങോട്ടോടി. അപ്പോൾ അവൻ കണ്ടത് പാലൊഴുകുന്ന പുഴയായിരുന്നു. അവൻ അവിടെ നിന്ന് പാല് കുടിച്ചു. പിന്നെയും മുന്നോട്ടു നടന്നു. ദൂരെ അവനൊരു കുന്നു കണ്ടു.അവൻ അതിശയത്തോടെ പറഞ്ഞു:


“ദൈവമേ, ചോക്ലേറ്റ് കുന്നോ!”അവൻ കുന്നിന്റെ അടുത്തേക്ക് പോയി. അവൻ കുന്നിന്റെ മുകളിലുള്ള പുല്ല് പറിക്കുന്നത് പോലെ ചോക്ലേറ്റ്

പറിച്ച് വാരി തിന്നു.

അതു തിന്നു കഴിഞ്ഞപ്പോൾ അവന് ഐസ്ക്രീം തിന്നാൻ ആഗ്രഹം തോന്നി.അവൻ കുറച്ച് ദൂരം നടന്നപ്പോൾ അവന്റെ പന്ത് ഒരു ചെടിയുടെ അടുത്തുള്ളത് കണ്ടു.അവനങ്ങോട്ടോടി. അവിടെ വളരെ തണുപ്പുണ്ടായിരുന്നു.അവന്റെ പന്തിന്റെ അടുത്തുണ്ടായിരുന്ന ചെടിയിൽ പൂവ് വിരിഞ്ഞുനിൽക്കുന്നതുപോലെ പല നിറത്തിലുള്ള ഐസ്ക്രീമുകൾ കണ്ടു.അവനതു പറിച്ചു തിന്നു.അവൻ പന്തെടുത്ത് തിരിഞ്ഞപ്പോൾ അവന്റെ പുറകിലൊരു വാതിൽ കണ്ടു.ആ വാതിൽ തുറന്നപ്പോൾ അവനെത്തിയത് തന്റെ വീട്ടിന്റെ മുന്നലായിരുന്നു.അപ്പോൾ അവന്റെ അമ്മ "മോനേ"എന്നു വിളിക്കുന്നത് കേട്ടു.കുറച്ച് സമയം കഴിഞ്ഞപ്പോൾ അവൻ കിടന്ന കട്ടിലിൽ നിന്ന് "പ്ധം" എന്ന ശബ്ദത്തോടെ നിലത്തുവീണു. അപ്പോൾ അവൻ "മോനേ എഴുന്നേക്ക് " എന്ന് അമ്മ പറയുന്നത് കേട്ടു. അപ്പോഴാണ് അവന് അതൊരു സ്വപ്നമായിരുന്നു എന്ന് മനസ്സിലായത്.

*******************

# പാൽക്കട്ട മോഷ്ടിച്ച കുറുക്കൻ





ശ്രീനന്ദ ഇ കെ-5B

ഒരു കാട്ടിൽ പിങ്കുക്കുറുക്കനും അവന്റെ ഉറ്റ ചങ്ങാതിയും താമസിച്ചിരുന്നു.കുങ്കുക്കരടി എന്നായിരുന്നു ചങ്ങാതിയുടെ പേര്.എല്ലായ്പ്പോഴും കുസൃതികാട്ടി മറ്റുള്ളവരെ ഉപദ്രവിക്കലാണ് പിങ്കുവിന്റെ വിനോദം.കുങ്കുക്കരടിയാകട്ടെ എല്ലാവരെയും അവനിഷ്ടമാണ്.കാറ്റിനെ അവനിഷ്ടമാണ്.തത്തയെ അവനിഷ്ടമാണ്.പുല്ലിനെ പോലും അവനിഷ്ടമാണ്.എന്തിന് അവന് ആ കാട്ടിലെ എല്ലാ ജീവജാലങ്ങളെയും ഇഷ്ടമാണ്.എന്തിനും അവൻ ശരിയുടെ ഭാഗത്തെ നിൽക്കൂ.ഒരു ദിവസം പിങ്കുവും കുങ്കുവും കാട്ടിലെ കാഴ്ചകൾ കാണാനിറങ്ങിയതാണ് അപ്പോൾ കുങ്കുവിന് വലിയൊരു പാൽ കട്ട കിട്ടി. അവൻ കൂട്ടുകാരനോട് കാര്യം പറഞ്ഞു.പിങ്കുവിന് അത് ഒറ്റയ്ക്ക് കഴിക്കണം എന്ന് തോന്നി. കുങ്കുവിന്റെ മുന്നിൽ വച്ച് തിന്നാൽ അവനും അത് തിന്നാലോ എന്ന് പിങ്കു മനസ്സിൽ വിചാരിച്ചു. അവനൊരു സൂത്രം തോന്നി. എന്നിട്ട് കുങ്കു പിങ്കുവിനോട് പറഞ്ഞു. കുങ്കു ചങ്ങാതി നമുക്കിത് നാളെ രാവിലെ കഴിക്കാം ഇപ്പൊ നമുക്ക് രണ്ടു കാട്ടു മാങ്ങ തിന്നാം. അതു കേട്ടതും കരടി പറഞ്ഞു. ആ നീ പറഞ്ഞത് ശരിയാ ...... അങ്ങനെ അവർ രാത്രി ഉറങ്ങാൻ കിടന്നു. കരടി നേരത്തെ തന്നെ ഉറങ്ങിപ്പോയി. കുറുക്കൻ മെല്ലെ എണീറ്റു. പാൽ കട്ട രണ്ടു തവണ കടിച്ചു. അപ്പഴേക്കും കരടി ഞെട്ടി ഉണർന്നു. എന്നിട്ട് കുട്ടുകാരനോട് ചോദിച്ചു. നീ എവിടെ പോയതാ?.. ഓ ഞാനെന്റെ അടുപ്പക്കാരന്റെ മോളുടെ പാലു

കാച്ചലിന് പോയതാ... രാത്രിയും പാലു കാച്ചലൊ?.. ആ ഞാൻ പകൽ പോകാൻ മറന്നു. അതാ ഒന്ന് പോയത്. ഓ.. ആണൊ?ഞാൻ ഒന്നു വെള്ളം കുടിച്ചിട്ട് വരാം ,കരടി പറഞ്ഞു.ഓ പോയി വാ ,കുറുക്കൻ പറഞ്ഞു. കരടി വെള്ളം കുടിച്ചിട്ട് വരുമ്പോൾ എന്താണ് കണ്ടതെന്നോ..കുറുക്കൻ ഒറ്റക്കിരുന്ന് പാൽ കട്ട അകത്താക്കുന്നു. അത് കണ്ട കരടി ചോദിച്ചു. പാൽ കട്ട തിന്നാനാണൊ നേരത്തെ പാലു കാച്ചലിന് പോയത്?എന്തിനാ നീ കട്ട തിന്നുന്നത് . എന്നോട് ചോദിച്ചാൽ മതിയായിരുന്നല്ലൊ .. ഞാൻ തരില്ലേ..അന്നു മുതൽ പിങ്കു ആരെയും ഉപദ്രവിച്ചിട്ടില്ല. അതു മാത്രമല്ല ഒന്നും അവൻ കൂട്ടുകാരന് കൊടുക്കാതെ തിന്നാറുമില്ല.

*******************

# വൃദ്ധമാതാ





അനന്യ.സി

6.എ

നാലു ചുമരുകൾക്കിടയിൽ നിന്ന് കണ്ണുനീർ വീഴുന്നു. അതെ ആ വൃദ്ധമാതാവ് കരയുകയാണ്. തേങ്ങൽ മാത്രം. എന്തിനാണ് ആ വൃദ്ധമാതാവ് കരയുന്നത് ഒരു കാരണമുണ്ട്. അവർ ഓർക്കുകയാണ് ദൈവമേ എന്റെ ഭർത്താവുണ്ടായിരുന്നെങ്കിൽ. എനിക്ക് ഇതൊന്നും അനുവദിക്കേണ്ടിവരില്ല. ദൈവമേ നീ കാണുന്നില്ലേ. ഞാൻ പത്തുമാസം ചുമന്നു പെറ്റ എന്റെ മകൾ എന്നോട് ചെയ്യുന്ന ക്രൂരത. അവരെ നമ്മുടെ കഷ്ടപ്പാടുകളൊന്നും അറിയിക്കാതെ വളർത്തി വലുതാക്കി നല്ല നിലയിൽ എത്തിച്ചു. എന്നിട്ടും അവരെന്നോട് ഇങ്ങനെ. അവർ പഴയകാലത്തിന്റെ ഓർമ്മയിലേക്ക് ഊളിയിട്ടിറങ്ങി. അന്ന് ഒരു ശിവരാത്രി ദിവസമായിരുന്നു. തന്റെ മക്കൾ മുറ്റത്തിരുന്ന് കളിക്കുകയായിരുന്നു. താൻ ശിവരാത്രി ആയതുകൊണ്ട് വ്രതമെടുത്തിരുന്നു. മക്കളുടെ കളിയും കണ്ട് താൻ വരാന്തയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവരുടെ അടുത്തേക്ക് ഒരു തേൾ പാഞ്ഞുവരുന്നുണ്ടായിരുന്നു. അവരെ പേടിപ്പിക്കാതെ

മെല്ലെ അവരുടെ അടുത്തേയ്ക്ക് പോയി മെല്ലെ ആ ജീവിയെ പൊത്തിപ്പിടിച്ച് ദൂരേക്കെറിഞ്ഞു.ആ ജീവി തന്റെ കൈയ്യിൽ ഒരു കടി കടിച്ചിട്ടാണ് പോയത്. ഞാൻ വേഗം അടുക്കളയിലേക്ക് പോയി ഉള്ളി എടുത്ത് അരച്ചു. എന്നിട്ട് തിരികെ വന്ന് മക്കളെ ഒന്നും സംഭവിക്കാത്തതുപോലെ സ്നേഹത്തോടെ കെട്ടിപ്പിടിച്ചു. അവർ പെട്ടെന്ന് ആലോചനയിൽ നിന്നും ഞെട്ടി ഉണർന്നു. വൃദ്ധമന്ദിരത്തിലെ വാർഡർ ഭക്ഷണം കൊണ്ട് വന്നതാണ്. അവർ പോയി. തന്റെ മക്കൾ ഇത്രയും ക്രൂരമായി പോയോ? അവർ വിവാഹം കഴിക്കുമ്പോഴേക്കും അവരെ വളർത്തിയ അച്ഛനേയും അമ്മയേയും വേണ്ട? അവർ തങ്ങളൊരു ബാധ്യതയായി കഴിഞ്ഞിരുന്നു. തന്റെ ചെറുമക്കളെ ഒന്നു തൊടാൻ പോലും അവരുടെ ഭാര്യമാർ അനുവാദം തന്നില്ല. വീട്ടിൽ അഥിതികൾ വന്നിരുന്നപ്പോൾ തനിക്ക് മക്കളും മരുമക്കളും തനിക്ക് താക്കീത് നൽകി. ഇപ്പുറത്തേക്ക് വന്നു പോകരുത്. അങ്ങനെ ഞാനൊരു മുറിയിലായി. വന്നു വന്ന് താനെ വൃദ്ധമന്ദിരത്തിലും കൊണ്ടു ചെന്നാക്കി. ആ മാതാവിന്റെ കണ്ണീർ അപ്പോഴും ഒഴുകിക്കൊണ്ടിരുന്നു.

******************

# ചക്കി പൂച്ചയും മിന്നുവും



**-നിവേദ്യ**
**8-A**

പണ്ട് പണ്ട് ചക്കി പൂച്ചയും മിന്നുവും വിറക് ശേഖരിക്കാൻ പോയി. വിറക് ശേഖരിച്ച് തിരികെ വരുമ്പോൾ ഒരു കൊച്ചു നായക്കുട്ടിയെ കണ്ടു. മിന്നു ചക്കിയോട് ചോദിച്ചു നമുക്ക് ആ നായക്കുട്ടിയെ വീട്ടിലേക്ക് കൂട്ടിയാലൊ, അപ്പോൾ ചക്കി പറഞ്ഞു ശരി എനിക്ക് ആ നായയെ വളരെയധികം ഇഷ്ടപ്പെട്ടു. അങ്ങനെ അവർ നായയെ കൂട്ടി വീട്ടിലേക്ക് മടങ്ങി. ഒരു ദിവസം മിന്നു നായയ്ക്ക് പപ്പി എന്ന് പേരിട്ടു. മിന്നുവും ചക്കിവും പപ്പിയും കളിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെ അമ്മ കാച്ചിയ പാൽ കൊണ്ടുകൊടുത്തു. അങ്ങനെ അവർ മൂന്നുപേരും അടികൂടി. പപ്പി പിണങ്ങിപ്പോയി. അത് മിന്നുവിനെ വിഷമിപ്പിച്ചു. അവൾ പപ്പി നായയുടെ അടുക്കൽ ചെന്ന് ക്ഷമ ചോദിച്ചു. അങ്ങനെ അവർ വീട്ടിലെത്തി. എന്നിട്ടും പപ്പി മിണ്ടിയില്ല. ഒരു ദിവസം പപ്പിക്കുമാത്രമായി അമ്മ പാലുകൊടുത്തു,പപ്പി പാലു കുടിക്കാതെ യാത്രയായി.

# ഒരു കമ്പ്യൂട്ടർ യുഗം



ദേവ്ന രാജ്.എ

8-F



ഒരിക്കൽ ഒരിടത്ത് അപ്പു എന്നൊരു കുട്ടിയുണ്ടായിരുന്നു.പാവപ്പെട്ട കുടുംബത്തിൽ ജനിച്ചവനായിരുന്നു. കംമ്പ്യൂട്ടർ യുഗത്തിൽ ജനിച്ചത് കൊണ്ടാവണം അവന് കമ്പ്യൂട്ടറിനോട് ഭയങ്കര ഇഷ്ടമാണ്. അവന്റെ ക്ളാസ്സിലെ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടറുണ്ട്. അതിനാൽ അവനും കമ്പ്യൂട്ടർ വാങ്ങണം എന്ന് മോഹം തോന്നി. കമ്പ്യൂട്ടർ വാങ്ങുന്നതിനായി അവൻ അമ്മയോടും അച്ചനോടും വഴക്കിട്ടു. അവസാനം അവർ മകന്റെ വാശി കാരണം ഒരു തീരുമാനത്തിലെത്തി.ഈ വരുന്ന പരീക്ഷയിൽ മുഴുവൽ വിഷയങ്ങളിലും എ ഗ്രേഡ് വാങ്ങിയാൽ കമ്പ്യൂട്ടർ വാങ്ങിത്തരാമെന്ന് സമ്മതിച്ചു.



അതിനുശേഷം അവന്റെ ശ്രദ്ധ പഠിപ്പിലേക്ക് നീങ്ങി. അവന്റെ കൂട്ടുകാർ അവനെ കളിക്കാൻ വിളിച്ചിട്ടും പോകാതെ വീട്ടിൽ കുത്തിയിരുന്ന് പഠിച്ചു. കൂട്ടുകാർ ഇവനിതെന്തു പറ്റിയെന്ന് പരസ്പരം ചോദിച്ചു. അവന്റെ പഠിപ്പ് കണ്ട് അച്ചനും അമ്മയ്ക്കും സന്തോഷമായി.അവസാനം പരീക്ഷയടുത്തു. എപ്പോഴും പരീക്ഷയ്ക്ക് പോകാറുള്ളത് പോലെ പോയി പരീക്ഷയെഴുതി തിരിച്ചെത്തി. എല്ലാ പരീക്ഷയെഴുതി തിരിച്ചെത്തുമ്പോഴും അവന്റെ മുഖത്തൊരു സന്തോഷമുണ്ടായിരുന്നു. പരീക്ഷ അവസാനിച്ചു. പരീക്ഷ ഫലം വന്നു. മറ്റെല്ലാ കുട്ടികളെക്കാളും മാർക്കോടെ എ ഗ്രേഡോടെ വിജയിച്ചു.അവൻ സന്തോഷപൂർവ്വം വീട്ടിലെത്തി അച്ചനേയും അമ്മയേയും വിവരം അറിയിച്ചു. അവർക്ക്

സന്തോഷമായി. അവൻ അന്ന് രാത്രി തനിക്ക് കമ്പ്യൂട്ടർ ലഭിക്കുന്നതും കളിക്കുന്നതും സ്വപ്നം കണ്ട് കിടന്നു.പിറ്റേന്ന് ഞായറാഴ്ച്ചയാണ്.അതിനാൽ അവൻ കളിക്കാൻ പോയി. അപ്പോഴേക്കും അച്ഛൻ ടൗണിൽ പോയി കമ്പ്യൂട്ടർ വാങ്ങി തിരികെയെത്തി.അച്ഛൻ വന്നതു കണ്ടയുടനെ അമ്മ അപ്പുവിനെ വിളിച്ചു.അപ്പൂ...അപ്പൂ...അമ്മയുടെ വിളി കേട്ടയുടനെ അപ്പു വീട്ടിൽ എത്തി. അച്ഛനും അമ്മയും അവന് സന്തോഷപൂർവ്വം കമ്പ്യൂട്ടർ സമ്മാനമായി നൽകി.അവന് വളരെ സന്തോഷമായി. അവൻ അത് ഓണാക്കി എല്ലാ സോഫ്റ്റ് വേയറും പ്രവർത്തനസജ്ജമാക്കി. പിന്നീട് രണ്ട് ദിവസം അവന് അവധി കിട്ടി. അന്ന് അവൻ കളിക്കാൻ പോയില്ല. അവൻ കംബ്യൂട്ടർ തുറന്ന് അതിൽ കളിക്കാൻ തുടങ്ങി. 9 താം ക്ളാസ്സിൽ ആണ് അപ്പു.അതിനാൽ അവന് സ്വന്തമായി ഫേസ്ബുക്ക് അക്കൗണ്ട് ഉണ്ട്. അവൻ അതിൽ കയറി ചാറ്റിങ്ങ് തുടങ്ങി.നേരം ഉച്ചയായിട്ടും അവൻ അതിൽ നിന്നും കണ്ണെടുത്തില്ല. ചോറുണ്ണാറായപ്പോൾ അമ്മ അവനെ വിളിച്ചു പക്ഷെ അവൻ പോയില്ല. അപ്പോൾ അമ്മ അവനെ ശകാരിച്ചു. അപ്പോൾ അച്ഛൻ തടഞ്ഞു. പിറ്റേന്ന് അവൻ അതേ അവസ്ഥ തുടർന്നപ്പോൾ അച്ഛനും ശകാരിച്ചു. പിന്നീട് അവൻ ഈ അവസ്ഥ തുടർന്നു കൊണ്ടേയിരുന്നു.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവന്റെ കണ്ണിനും തലയ്ക്കും ഒരു വേദന. അതിനാൽ കമ്പ്യൂട്ടർ നോക്കാൻ സാധിച്ചില്ല. ശേഷം അവർ ഡോക്ടറെ കണ്ടു വേദനയുടെ കാരണം എന്താണെന്നു തിരക്കി. ഒരുപാട് ചെക്കപ്പിനു ശേഷം കണ്ടെത്തി അവനെ ബാധിച്ചത് ഒരു മാരകമായ രോഗമാണ്. അവന്റെ കണ്ണിന് കാൻസർ ബാധിച്ചിരിക്കുന്നു.കുറച്ച് ദിവസം കഴിഞ്ഞപ്പോൾ കണ്ണിന്റെ കൃഷ്ണമണിക്കടുത്ത് ഒരു കുരു വന്നു.10 ലേക്ക് ജയിക്കാനുള്ള പരീക്ഷ വരാനിരിക്കെ കാൻസർ എന്ന രോഗം അവനെ കൊണ്ട് പോയി.

പ്രിയപ്പെട്ട കൂട്ടുകാരെ നാം ജീവിക്കുന്നത് കമ്പ്യൂട്ടർ യുഗത്തിലാണല്ലോ എങ്കിൽ ഫോണിലും കംബ്യൂട്ടറിലും ഉള്ള കളി നിർത്തുക. അല്ലെങ്കിൽ അപ്പുവിന്റെ അവസ്ഥയായിരിക്കും നിങ്ങളുടേയും അവസ്ഥ. ഓർക്കുക.

കംബ്യൂട്ടർ........................................................................................................................1
കാൻസർ..........................................................................................................................2
പാവപ്പെട്ട.........................................................................................................................1
മാരകമായ........................................................................................................................2

**************************


യാത്രാവിവരണം

# എന്റെ യാത്ര





- വിസ്മയ . എം . വി
8-A

മെയ് 24-നാണ് നമ്മൾ യാത്ര പുറപ്പെട്ടത്, കൃത്യം 7 മണിക്ക് . ഞാൻ യാത്ര പോയത് - കന്യാകുമാരി , ശ്രീ പത്മനാഭക്ഷേത്രം എന്നിവിടങ്ങളിലാണ് . എന്റെ കുടുംബക്കാർ എല്ലാവരുമുണ്ടായിരുന്നു. നമ്മൾ ഒരു വലിയ വാനിലാണ് പോയത്. വാനിൽ യാത്ര ചെയ്യുമ്പോൾ മരങ്ങളെല്ലാം പിറകിലേക്ക് പോകുന്നതുപോലെ എനിക്കു തോന്നി. വലിയ മലനിരകളും, പച്ച പിടിച്ച മറ്റു സസ്യങ്ങളും, അതിമനോഹരമായ പൂക്കളും, പുഴകളും എല്ലാം ഞാൻ ഈ യാത്രയിൽ കണ്ടു. എന്റെ ഈ ഭംഗിയേറിയ പ്രകൃതിയെ ഞാൻ ആ



യാത്രയിൽ ദർശിച്ചു. എന്റെ ഈ യാത്ര എനിക്ക് മറക്കാാവാത്ത ഒരു യാത്രയായിരുന്നു. ഞങ്ങൾ 25-ന് കന്യാകുമാരിയിൽ എത്തി. വൈകീട്ട് 6:30-നായിരുന്നു ഞങ്ങൾ അവിടെ എത്തിയത് 5 - 6:30 വരെയായിരുന്നു സൂര്യാസ്തമയ സമയം എന്നാൽ നമ്മൾ അവിടെ എത്തുമ്പോഴേക്കും സൂര്യാസ്തമയം കഴിഞ്ഞിരുന്നു. അതിനാൽ അവിടെ ഒരു റൂമെടുത്ത്. പിറ്റേ ദിവസം രാവിലെ എഴുന്നേറ്റ് സൂര്യോദയം കാണാൻ പോയി. 4 – 5:30 വരെയായിരുന്നു സൂര്യോദയസമയം നമ്മൾ 4 മണിക്ക് തന്നെ സൂര്യോദയം കാണാൻ പോയിരുന്നു. സൂര്യൻ

ഉദിച്ച വരുന്ന ആ ദൃശ്യം കണ്ടപ്പോൾ എനിക്ക് തോന്നിയത് കടൽ തിരമാലകളിൽ നിന്ന് എവിടെ നിന്നോ ഒരു പൊൻതളിക ഉദിച്ചുവരുന്നതുപോലെ തോന്നി.

സ്വർണ്ണനിറമായ ഒരു ചുവന്നുതുടുത്തുനിൽക്കുന്ന ഒരു സൂര്യനെയാണ് ഞാൻ കണ്ടത്. ആ കാഴ്ച ഞാൻ വളരെയധികം ആസ്വദിച്ചു. പിന്നീട് അവിടെ ചിപ്പികൾ കൊണ്ട് നിർമ്മിച്ച അതിമനോഹരമായ ശില്പങ്ങൾ കണ്ടപ്പോൾ എനിക്ക് അതെല്ലാം വാങ്ങണമെന്ന ആഗ്രഹം തോന്നി. പിന്നീട് ഞങ്ങൾ കന്യാകുമാരിയിലെ വിവേകാനന്ദപാറയിലേക്ക് പോയി. ഒരു ബോട്ടിലാണ് അവിടേക്ക് പോകേണ്ടത്. ബോട്ടിൽ യാത്ര ചെയ്യുമ്പോൾ ബോട്ട് ചെരിയുന്നതു പോലെ എനിക്ക് അനുഭവപ്പെട്ടു. ഞങ്ങൾ വിവേകാനന്ദപാറയിൽ എത്തി. അത് ഒരു വലിയ പാറയുടെ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ വിവേകാനന്ദ സ്വാമിയുടെ വലിയ പ്രതിമയും കാലടയാളവും ഉണ്ടായിരുന്നു. അവിടെയൊരു ശാന്തിയേറിയ ഒരു പ്രാർത്ഥനാമുറിയുണ്ട്. അവിടെ ഒരു ദേവി ഉണ്ടായിരുന്നു. കന്യകയായ പാർവ്വതി എന്നാണ് പേര്. ആ ദേവിയിൽ നിന്ന് ആഭരണങ്ങൾ തട്ടിപ്പറിക്കാൻ കള്ളന്മാർ വരുമ്പോൾ ആ ദേവിയുടെ മൂക്കുത്തിയിൽ നിന്ന് ഒരു വെളിച്ചം അവരുടെ കണ്ണിൽ പതിയുന്നു. ഈ പ്രകാശത്താൽ അവർക്ക് ആഭരണങ്ങൾ എടുക്കാൻ കഴിയില്ല. ഓരോ മാസത്തെയും സൂര്യാസ്തമയവും അവിടെ എഴുതി വച്ചിട്ടുണ്ട് വിവേകാനന്ദപാറ കടലിന് നടുവിലാണ് സ്ഥിതി ചെയ്യുന്നത്. കടലിന്റെ മറ്റൊരു ഭാഗത്ത് ഒരു മഹർഷിയുടെ പ്രതിമയുമുണ്ട്. പിന്നെ നമ്മൾ പോയത് ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലാണ്. ഈ ക്ഷേത്രത്തിന്റെ ഒരു പ്രത്യേകത കല്ലുകളിലെ യാണ്. കുറേ നിലകളുള്ള ക്ഷേത്രമാണിത്. ഈ ക്ഷേത്രത്തിൽ കയറി തൊഴുത്, ഞങ്ങൾ തിരിച്ച വീട്ടിലേക്ക് മടങ്ങി. ഇതാണ് എന്റെ യാത്ര........

**************************

# കന്യാകുമാരിയിലേക്ക്





വിനയ മുരളി
8E

യാത്രകൾ വലിയ അനുഭവങ്ങൾ പ്രധാനം ചെയ്യുന്നു.അത് നമ്മുടെ ജീവിതത്തെ കൂടുതൽ രസകരമാക്കുന്നു.കൂടുതൽ ആളുകളെയും സ്ഥലങ്ങളേയും അറിയാനും അനുഭവിക്കാനും യാത്രകൾ നമ്മെ സഹായിക്കുന്നു.

മെയ് മാസത്തിൽ തിരുവനന്തപുരത്തേക്കും തുടർന്ന് കന്യാകുമാരിയിലേക്കു ഞാനും എന്റെ കുടുംബാംഗങ്ങളും നടത്തിയ യാത്ര എനിക്ക് തികച്ചും അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. രാത്രി എട്ടുമണിയുടെ വണ്ടിക്ക് ഞങ്ങൾ തിരുവനന്തപുരത്തേക്ക് വിട്ടു. രാവിലെ ഞങ്ങൾ തിരുവനന്തപുരത്ത് എത്തിയ ശേഷം ഒരു ഹോട്ടലിൽ മുറിയെടുത്തു. ഉച്ചയ്ക്ക് ശേഷം അച്ഛന്റെ സുഹൃത്ത് ഞങ്ങളെ കൂട്ടാൻ വന്നു.അന്ന് വൈകീട്ട് ഞങ്ങൾ നെയ്യാർ ഡാം

സന്ദർശിച്ചു. അവിടെ ഞാൻ കണ്ട കാഴ്ചകൾ എനിക്ക് വളരെ ഏറെ ഇഷ്ടപ്പെട്ടു. നെയ്യാർ ഡാമിനോട് ചേർന്നുള്ള സഫാരി പാർക്കിൽ നിന്നുള്ള സിംഹങ്ങളുടെ ഗർജനവും നമുക്ക് കേൾക്കാമായിരുന്നു. അവിട് ഉണ്ടായിരുന്ന പ്രതിമകൾ എന്നെ അത്ഭുതപെടുത്തി. ജീവനുള്ള വസ്തുവായി തോനിക്കുന്ന പ്രതിമകളായിരുന്ന അവ. അതിനടുത്ത് ഒരു ക്ഷേത്രം കൂടി ഞങ്ങൾ സന്ദർശിച്ചു. അവിടെ ഉത്സവ സമയമായിരുന്നത് കൊണ്ട് അതിനു ചുറ്റും ദീപാലങ്കാരമുണ്ടായിരുന്നു.

അത് വളരെ മനോഹരമായിരുന്നു. അന്ന് രാത്രി ഞങ്ങൾ അച്ഛന്റെ സുഹൃത്തിന്റെ വീട്ടിൽ താമസിച്ചു. അവരുടെ ഭാഷയെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചും സംസ്കാരത്തേക്കുറിച്ചും അറിയാൻ സാധിച്ചു. അതുകൂടാതെ അവരുടെ സ്നേഹം അനുഭവിച്ചറിയാനും സാധിച്ചു. പിറ്റേ ദിവസം രാവിലെ തന്നെ നമ്മൾ ഓരോ സ്ഥലങ്ങളും കാണാൻ പുറപ്പെട്ടു. ആദ്യം കുരിശുമല കാണാൻ ചെന്നു.തീർത്ഥാടകരുടെ ഒരു പ്രധാന കേന്ദ്രമായിരുന്ന അത്.പ്രകൃതി നിർമ്മിതിയായ കുരിശുമല വളരെ വിസ്മയകരമായിരുന്നു. അടുത്തതായി ചിറ്റാർ ഡാമിലേക്ക് നമ്മൾ യാത്ര തിരിച്ചു. ചിറ്റാർ ഡാമിലെ പ്രകൃതി ദൃശ്യങ്ങൾ ആസ്വദിച്ച് അടുത്ത സ്ഥലത്തെത്തി.ത്രിപരപ്പ് വെള്ളച്ചാട്ടം കാണാനാണ് ഞങ്ങൾ അടുത്തതായി പോയത്. വെള്ളച്ചാട്ടം എനിക്ക് വളരെ ഇഷ്ടമായി. ആയിരക്കണക്കിന് ആളുകൾ ആ വെള്ളച്ചാട്ടത്തിൽ കുളിക്കുകയും

കളിച്ചുല്ലസിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. തിരുവിതാംകൂർ രാജവംശത്തിന്റെ ആസ്ഥാന കേന്ദ്രമായ പത്മനാഭപുരം കൊട്ടാരത്തിലേക്കായിരുന്നു അടുത്ത യാത്ര. ചരിത്രത്തിന്റെ ഒട്ടേറെ അനുഭവങ്ങളും കഥകളും ആ കൊട്ടാരം നമുക്ക് പറഞ്ഞു തന്നു. ആ കൊട്ടാരം ചുറ്റിക്കണ്ട് ഞങ്ങൾ കന്യാകുമാരിയിലേക്ക് തിരിച്ചു. സൂര്യാസ്തമയത്തിന് തൊട്ടു മുമ്പായി ഞങ്ങൾ അവിടെ എത്തി.

കന്യാകുമാരിയുടെ മുന്നിൽ നിന്നാൽ വിവേകാനന്ദ പാറയും തിരുവള്ളുവരുടെ കൂറ്റൻ പ്രതിമയും കാണാം. ബോട്ടിൽ കയറി നമുക്ക് വിവേകാനന്ദ പാറയിലേക്ക് പോകാം. അവിടെ നിന്ന് മനോഹരമായ സൂര്യാസ്തമയം കാണാം. ആകാശം മേഘങ്ങൾ കൊണ്ട് നിറഞ്ഞതുകൊണ്ട് സൂര്യാസ്തമയത്തിന്റെ മനോഹാരിത പൂർണമായും

കാണാൻ കഴിഞ്ഞില്ല. സൂര്യാസ്തമയത്തിന് ശേഷം ഞങ്ങൾ കന്യാകുമാരി ക്ഷേത്രത്തിലേക്ക് ചെന്നു. കന്യാകുമാരി ക്ഷേത്രത്തിലെ ദർശനത്തിന് ശേഷം നാം പുറത്തേക്കിറങ്ങി. സന്ധ്യയോട് കൂടി നാം താമസസ്ഥലത്തേക്ക് തിരിച്ചെത്തി.

അടുത്ത ദിവസം തിരുവനന്തപുരം നഗരത്തിലൂടെ ആയിരുന്നു നമ്മുടെ യാത്ര.തിരുവനന്തപുരത്തെ ചരിത്ര പ്രസിദ്ധമായ രണ്ട് ക്ഷേത്രങ്ങളിൽ നാം അന്ന് സന്ദർശനം നടത്തി. രാവിലെ നാം ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ പോയി. ഒരു മനോഹരമായ ക്ഷേത്രം. അന്ന് നല്ല തിരക്കുള്ള ദിവസമായിരുന്നു. അവിടെ

നിന്ന് തിരുവനന്തപുരത്തെ ഏറ്റവും പുരാതനമായ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലേക്കാണ് ചെന്നത്. ക്ഷേത്രത്തിന് സമീപത്തുള്ള തീർത്ഥക്കുളം വറ്റിവരണ്ടിരുന്നു. ആ ക്ഷേത്രം ചരിത്രത്തിലെ ഒരു അത്ഭുതമായിട്ടാണ് എനിക്ക് തോന്നിയത്. അന്ന് നമ്മൾ സന്ദർശിച്ച മറ്റ് രണ്ട് സ്ഥലങ്ങൾ കോവളം കടൽത്തീരവും നേപ്പിയർ മ്യൂസിയവുമാണ്. നേപ്പിയർ മ്യൂസിയത്തിന് തൊട്ടടുത്താണ് തിരുവനന്തപുരം മൃഗശാല. വ്യത്യസ്തമായ ഒട്ടേറെ മൃഗങ്ങൾ അവിടെ ഉണ്ട് കൂടാതെ പക്ഷികളും. തികച്ചും ആഹ്ലാദകരമായ കാഴ്ചകളായിരുന്നു. പക്ഷെ പലതും വളരെ ക്ഷീണിച്ച നിലയിലായിരുന്നു. സ്വന്തം ആവാസ വ്യവസ്ഥയിൽ നിന്നും പുറത്താക്കപ്പെട്ട് കൃത്രിമമായ ഒരു പരിസ്ഥിതിയിൽ വളർന്നതു കൊണ്ടാവാം ഈ മൃഗങ്ങൾ ഇങ്ങനെ ക്ഷീണിച്ച പോയത്.



മൃഗശാല ചുറ്റിക്കഴിഞ്ഞപ്പോഴേക്കും സമയം വൈകി. രാത്രി 8:30 നാണ് മടങ്ങാനുള്ള ട്രെയിൻ. പെട്ടെന്ന് കനത്ത മഴയും പെയ്യാൻ തുടങ്ങി.അവിടെ നിന്നിറങ്ങി ഓട്ടോവഴി നമ്മൾ റെയിൽവേ സ്റ്റേഷനിലേക്ക് തിരിച്ചു. സ്റ്റേഷൻ പരിസരത്തെത്തുമ്പോഴേക്കും മഴ കുറഞ്ഞു. അതിനടുത്തുള്ള കോഫി ഹൗസിൽ നിന്നും

അത്താഴം കഴിച്ചു.

പിന്നെ മടക്കയാത്ര. വ്യത്യസ്ത അനുഭവങ്ങളിലൂടെയുള്ള ഈ യാത്ര തീർച്ചയായും എനിക്ക് ഏറെ ആഹ്ലാദകരമായിരുന്നു

*******************

# മൈസൂർ യാത്ര





-ശ്രീലക്ഷ്മി .പി.സി

8-E

കഴിഞ്ഞ വേനലവധിയിൽ ഞാൻ മൈസൂരിലായിരുന്നു യാത്ര പോയത്. ബസ്സിലായിരുന്നു ആ യാത്ര. എന്നോടൊപ്പം അച്ചനും അമ്മയും ഉണ്ടായിരുന്നു. മൈസൂരിലേക്കുള്ള യാത്ര വ്യത്യസ്തമായ അനുഭവങ്ങൾ സമ്മാനിക്കുന്നതായിരുന്നു. മൈസൂരിന് വ്യത്യസ്തമായ സംസ്കാരവും,ഭാഷാരീതിയുമാണ് ഉള്ളത്. ആർഭാടങ്ങളില്ലാത്ത തികച്ചും സാധാരണമായ ജീവിതം നയിക്കുന്നവരാണ് കൂടുതൽപേരും. ഞങ്ങൾ ആദ്യമായിട്ട് സന്ദർശിച്ച സ്ഥലം ചാമുണ്ഡിമലയായിരുന്നു.അവിടെ കയറുമ്പോൾ തന്നെ കണ്ടത് മഹിഷാസുരന്റെ ഭീമാകാര പ്രതിമയായിരുന്നു. മഹിഷാസുരനെ ചാമുണ്ടിദേവി വധിച്ചു എന്നാണ്ഇവിടത്തെ ഐതിഹ്യം. അതിന്റെ തൊട്ടടുത്തുതന്നെ ചാമുണ്ടിദേവി ക്ഷേത്രമുണ്ട്.ക്ഷേത്രത്തിന്റെ ഭൂരുഭാഗവും കരിങ്കല്ലാൽ നിർമിതമാണ്.ക്രയിനോ മറ്റ് യന്ത്രങ്ങളൊന്നും ഇല്ലാതെ കാലഘട്ടത്തിൽ ഇത്രയും ഭാരമേറിയ കരിങ്കൽ പാളികളും,തൂണുകളും ഉപയോഗിച്ച് ക്ഷേത്രം പണിതത് മനുഷ്യന്റെ കഠിനാധ്വാനത്തിന്റെ ഉത്തമ ഉദാഹരണമാണ്.

രണ്ടാമതായിട്ട് ഞങ്ങൾ സന്ദർശിച്ചത്

മൃഗശാലയായിരുന്നു.അവിടെ വിവിധ തരത്തിലുള്ള പക്ഷികളെയും,മൃഗങ്ങളെയും കാണാൻ സാധിച്ചു.അടുത്തതായി ഞങ്ങൾ പോയത് പ്രശസ്തമായ വൃന്ദാവൻഗാർഡനിലായിരുന്നു.മരങ്ങളും,ചെടികളും വളരെ ക്രമീകരിച്ച് നട്ടത് അതിസുന്ദരമായ കാഴ്ച്ചയാണ്. കാവേരി നദിക്ക് കുറുകേ അണക്കെട്ട് പണിതിട്ടുണ്ട്. ഈ വെള്ളം കൃഷി ആവിശ്യത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കുന്നു. വൃന്ദാവനത്തിലെ കൗതുകമുളവാക്കുന്ന ഒരു കാഴ്ച്ചയാണ് മ്യൂസിക്കൽ ഫൗണ്ടൻ.മ്യൂസിക്കിനനുസരിച്ചാണ് ഇത് പ്രവർത്തിക്കുന്നത്.

പിന്നെ ഞങ്ങൾ സന്ദർശിച്ചത് സിംഹം എന്നറിയപ്പെടുന്ന ടിപ്പു സുൽത്താന്റെ ശവകുടീരമായ ഗോൽ ഗുംബസ് ആയിരുന്നു.

അടുത്തതായി ഞങ്ങൾ കണ്ട സ്ഥലം മൈസൂർ കൊട്ടാരമായിരുന്നു.ലോകത്തിന്റെ പലഭാഗങ്ങളിലുള്ള അതിവിദഗ്ദരായ കലാകാരൻമാരുടെ കലാവിരുത് കൊണ്ട് അനുഗ്രഹീതമായിരുന്നു കൊട്ടാരം.രാജഭരണ കാലഘട്ടത്തെ ആയുധങ്ങൾ, നാണയങ്ങൾ,സ്വർണ്ണം സിംഹാസനങ്ങൾ, വെള്ളിയിൽ തീർത്ത ഇരിപ്പിടങ്ങൾ, വാതിലുകൾ എന്നിവ കാണാൻ സാധിച്ചു. അവസാനമായി ഞങ്ങൾ കണ്ടത് ആർട്ട് ഗാലറി ആയിരുന്നു.പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ അതിമനോഹരമായ ഒരുപാട് ചിത്രങ്ങൾ കാണാൻ സാധിച്ചു. അതിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ച ചിത്രമാണ് വിളക്കേന്തിയ വനിത.ഒരു പ്രത്യേക മുറിയിലായിരുന്നു സജ്ജീകരിച്ചിരുന്നത്. ആ മുറിയിലെ വെളിച്ചം അണഞ്ഞുകഴിഞ്ഞാൽ ആ വനിതയുടെ കൈയിലെ ദീപം പ്രകാശിക്കുന്നതായി തോന്നും. അത്രയും മനോഹരവും, അത്ഭുതകരവുമായ ഒരു ചിത്രമായിരുന്നു അത്.

അവിസ്മരണീയമായ ഒരുപാട് കാഴ്ചകളും, അനുഭവങ്ങളും നൽകിയ ഒരു യാത്രയാണിത്.

പദശേഖരം


അതിവിദഗ്ദരായ....................................................................................................2
അവിസ്മരണീയമായ................................................................................................2
കലാവിരുത്..........................................................................................................2
സജ്ജീകരിച്ചിരുന്നത്...............................................................................................2


*************

# വിഷമഴ




മഴ സുന്ദരമെന്നായിരുന്നു...
മഴവെള്ളം ശുദ്ധമെന്നായിരുന്നു...
എപ്പോഴോ വേരുറച്ച ചിന്ത
മേഘത്തുണ്ടുകളിറ്റു വീഴുമ്പോൾ
ഹൃദയം കൈകളിലേറ്റുവാങ്ങിയ
സ്നേഹത്തേക്കാൾ വേരൂന്നിയ പരിചിതത്വം.
ആ ധാരണ മാറ്റിയെടുത്തിട്ട്
പടിക്കപ്പുറത്തു നിന്ന് പരിഹസിച്ചു.
മൗനത്തിന്റെ മുഖം മൂടിയാൽ
ദംഷ്ട്രകൾ ഗോപനം ചെയ്ത്
തിരക്കിന്റെ മേലങ്കിയിൽ

നീരസം ഒളിപ്പിച്ച്
വിജയസിംഹാസനത്തിലിരുന്ന്
അഹങ്കാരത്തോടെ പൊട്ടിചിരിച്ചു.
വിഷമഴ ഈറനാക്കിയ സന്ധ്യയിൽ
ഹൃദയം പൊടിഞ്ഞത് ഇടിമുഴക്കമായി
അപ്പോഴും മഴ പെയ്തുകൊണ്ടിരുന്നു.
മഴ നൂലുകൾ പറിച്ചെടുത്ത്
മൂർച്ചയേറിയ ആയുധമുണ്ടാക്കി
ജീവിതത്തിന്റെ ചാഞ്ഞ ചില്ലയിൽ
മുറിവുകൾ സൃഷ്ടിച്ച മാത്രയിൽ
വിഷം വൃക്ഷത്തിന്റെ ഓരോ
അക്ഷത്തിലുമെത്തിയപ്പോൾ
ഒരിക്കൽ ഇലകൾ വകഞ്ഞുമാറ്റിയ കാറ്റ്
ആശങ്കയോടെ ദൂരെ നിന്നു...
സർവ്വവും സംഹരിക്കുന്ന നൊമ്പരത്താൽ
കാലം കച്ചയണിയിക്കുന്നത് കാണാൻ.

ദീപ.എം.എൽ

********************

# വിശേഷവിചാരങ്ങൾ



തുഷാരയുടെ ലോക വികലാംഗദിനസന്ദേശം വായിച്ചു കൊണ്ടാണ് ദിവസത്തെ വരവേറ്റത്.ഹൊ... ഇന്ന് തിരക്ക് പിടിച്ച ദിവസമാണ്. സമയം കളയാതെ അടുക്കളയിൽ കടന്നു. മാന്ത്രിക ചതുരത്തിൽ കറങ്ങി വിഭവങ്ങൾ റെഡിയാക്കി. എത്ര വട്ടം ശരിയാക്കിയിട്ടും സാരിയുടെ മടക്കുകൾ ശരിയാകുന്നില്ല. വടിവൊത്ത ശരീരത്തിൽ വടിവില്ലാതെ അത്...കാലിൽ ചെരുപ്പ് വലിച്ചു കയറ്റി ഓട്ടം തുടങ്ങുമ്പോൾ ഭർത്താവിന്റെ കമന്റ്

"ശ്രദ്ധിച്ചു നടക്ക്..... അല്ലെങ്കിൽ വികലാംഗരുടെ എണ്ണം കൂടും "

പ്രതികരിക്കാൻ സമയമില്ലായിരുന്നു. ഭാഗ്യം ട്രെയിൻ ലേറ്റായില്ല.
ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മനോഹരമായ പുഞ്ചിരി ഗുഡ്മോർണിങ്ങ് ഒഴിച്ച് തന്നു സ്വീകരണവേദിയും ഹാളും വർണ തോരണങ്ങളാൽ അലങ്കരിച്ചു. ബലൂൺ ഊതിവീർപ്പിക്കുമ്പോൾ മുമ്പിൽ മഞ്ഞപ്പല്ലിന്റെ ചിരി

നജീബ് അവന്റെ നീട്ടിയ കൈകളിൽ ബലൂൺ വച്ച് കൊടുക്കുമ്പോൾ എം.ടിയേക്കുറിച്ചും ബുദ്ദുവിനേക്കുറിച്ചും ഓർത്തു പോയതെന്തേ ....?

ഇവനും സായിപ്പിന്റെ ഛായയുണ്ടോ...?

ഊറിവന്ന തമാശ പങ്കിടാനാകാതെ സ്വയം ചിരിച്ചു.

കുട്ടികളുമോത്ത് രക്ഷിതാക്കൾ എത്തി തുടങ്ങി.
കുട്ടികൾക്ക് മാത്രമായി തയ്യാറാക്കിയ പാട്ടും കഥകളുമായി കൃഷ്ണകുമാർ വേദിയിൽ നിറഞ്ഞാടി. കുട്ടികലുടെ നിറഞ്ഞകണ്ണുകൾ ആകാശത്തോളം വിടർന്നു. ധൃതിവച്ചിറങ്ങി.
വൈകിയതെന്തെന്ന റിസപ്ഷ് ടീച്ചറുടെ ചോദ്യത്തിന് പരിപാടി കഴിഞ്ഞോ  എന്ന മറുചോദ്യം എല്ലാവരുടേയും ശ്രദ്ധയാകർഷിച്ചുകൊണ്ട്  തിരക്കി, കഴിക്കാനെന്താ ഉള്ളത്

ഓ...! സദ്യയൊക്കെ റെഡിയായിട്ടുണ്ട്. സാലി മാഷിന്റെ വിനീതമായ ശബ്ദം.

ഉദ്ഘാടനം കഴിഞ്ഞ് അതിഥികൾ മറ്റൊരു സെന്ററിലേക്ക് മടങ്ങി.

ഒരമ്മയുടെ നാലു മക്കളും വികലാംഗർ പോരാത്തതിന് ബുദ്ധിമാന്ദ്യവും. പ്രതിസന്ധിയിൽ തളരാത്ത അമ്മയെ കുറച്ചോർത്തപ്പോൾ അഭിമാനം തോന്നി.

ഉച്ചഭക്ഷണത്തിനിടെ കുശലാന്വേഷണഭാവത്തിൽ അമ്മയുടെ അടുത്തെത്തി. പുതിയ ടീച്ചറാണല്ലേ?അവർ ഊണിലേക്ക് ശ്രദ്ധയൂന്നിക്കൊണ്ട് ചോദിച്ചു.

എന്തേ...നാലുകുട്ടികളും ഇങ്ങനെയാവാൻ ?പ്രസവത്തിനെന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ?

ചോദ്യം മനസ്സിലാവാത്ത ഭാവത്തിൽ അവരെന്നെ തുറിച്ചു നോക്കി.

പേറ് എല്ലാരിക്കും ബുദ്ധിമുട്ടുള്ള കാര്യാണല്ലെ?

ഇവരുടെ അച്ഛൻ?

അങ്ങനെ ഒരാളുടെ പേരൊന്നെ പറയാൻ ആകുലാ .

ഇത്ങ്ങള് നാലെണ്ണം ഉള്ളതോണ്ട് മര്യാദക്ക് ജീവിച്ചു പോണു.വെല്യ തൊക സ്കോളാർഷിപ്പ് കിട്ടുണണ്ടേ.....


തലയ്ക്ക് അടിയേറ്റ ആഘാതത്തിൽ നിന്ന് ഞാൻ മുക്തയാകുന്നതിന് മുമ്പേ അവർ കുട്ടികളേയും കൊണ്ട് മടങ്ങാനുള്ള തിടുക്കത്തിലായി.

എന്നെ പൊതിഞ്ഞു നിന്ന വ്യാകുലതയുടെ വാത്മീകം സജിനിയുടെ തണുത്ത കൈത്തലം തോളിൽ പതിഞ്ഞപ്പോൾ അടർന്നു വീണു....

സീതാദേവി
ടീച്ചർ

********************


ENGLISH


STORIES



# GOOD FRIENDS

*Chethana chandran*

*5.B*

*On a forest there lived two monkeys there name was chiku and miku. They are good friends. One day miku become very hungry,chiku was also hungry. Miku saw an apple tree. The apple tree has only one apple. Miku climbed and plucked apple. Chiku said please give me a slice of apple. Miku said No I want to eat it alone. Miku ate the apple. Then*

*he become sleepy. After few steps he saw a cave. He slept in it. When he was awake,All animals were running when he went out. He saw forest fire. He tried to run but his long tail was stuck in a big stone. He tried to remove the stone but he can't. He cried*

*Help me! Help me!*

*Chiku heard this and went to the cave and threw the rock away. Miku and chiku escaped from the forest. Miku said Thank you. Chiku said It's OK .......*

## *"GOOD FRIENDS ALWAYS HELP EACH OTHER"*

**************





# THE PEACOCK AND SPARROW

Ones upon a time  sparrow was flying on the sky. The sparrow tired and go to rest on the branches of the trees. When she saw a peacock. The sparrow said what beautiful wings. Oh,I have no style. The peacock hear that sparrow saying. The peacock said,sparrow there is no important There is important of our habit. Our habit will we good our life also happy and amazing. Sparrow said,sorry I am very sorry thank you my friend. Bye I am going peacock.

By

Anupriya pramod
5 B

*****************



# THE BIRDS



*Ashima. p.v*
*6.c*

*Once upon a time there live a humming bird and a parrot. They were friends. One day the humming bird and the parrot were flying in the sky. They see a gardener and they sat on the flower and drank honey. More and more they came to the garden. One day a sparrow came to the garden and drank honey. Parrot came that way and saw this. The parrot was angry. The parrot flew and called the humming bird. The parrot told everything. Humming bird said: "Oh! God.... don't worry my friend".Let go and see the sparrow they both went to the sparrow. They saw the sparrow drink honey more and more. They fly near to the sparrow shook him. The sparrow cried and said :"my dear friend I don't have friends".Parrot said :"Mmm ...... why did you came to this garden?". "I am hungry. Then I came to this garden and drank the honey. Sorry friends I don't know this was your garden".The humming bird said that: "This is not our garden. This garden is for all of the birds". Parrot said that: "you will join us." The sparrow said "Yes I will come. You are my best friends .The three birds were flying high and playing with flowers ,singing etc. Then they lived happy. Helping others makes them happy and it makes everyone more happy too."*

********************

# THE INTERNET

*-Hana Fathima*

*8-D*




We are living in a world where cannot imagine without internet. Now a days we could hardly see a person or a house without internet. It contributed allot to make our life very easy and every information is available on our finger tip ,this helps the students professionals and common people all alike. Unfortunately many people use internet in a negative way which harms and ruins all moral values. Therefore many images,videos,audio clips that
make people feel sad about themselves . Mothers have no time to look after children, everyone is busy with internet. Gradually children also get addicted to internet for playing games for playing games and they go backward in their studies. It is a

wonder to hear that new a days people can alive without food and water. A minute without internet.

addicted.....................................................................................................................1
allot...........................................................................................................................1

**********************

# HUMMING BIRD AND THE FLOWERS

- ASHTAMI.K

Once upon a time , there lived a humming bird . He was first in that place . One day he was flying over a beautiful garden . He flew down to the garden . He saw a cute white jasmine flower . He sat on the jasmine and sucked nector . The jasmine was very happy . The other flowers jealoused at jasmine the humming bird was poor . He thought that suck nector from each flower on each day . The next day early in the morning the humming bird reached at the garden . Jasmine was very happy . Because she tough that today also humming bird was suck nector from her . But the humming bird sat on the beautiful hibiscus and sucked nector from  it . Hibiscus was so happy . Other flowers jealoused at hibiscus . Next day was the turn of the pretty Rose . But the rose was so cruel .  On the next day there came a butterfly . The butterfly sat on the rose .  All the flower knew the idea of the humming bird . All the flowers say to the rose : "Rose , Rose today is your turn " . Rose said : " Hmm, I don't allow the humming bird to sat on me . After a long time , the humming bird came there . Humming bird flew near to rose and try to sit on her petals . But the rose did not allow the humming bird to sit on her petals . Humming bird felt very sad . Other flower console him . Suddenly there came a honey bee .  He try to sit  on the rose flower . But the rose did not allow him to her petals . The bee was so angry and he dig in rose's petals . The rose falls down . The bee take the rose with his mouth and throw her anywhere . Humming bird said that "We don't jealous to others " . All the flowers repeat it . In all days the humming bird came to the garden and sucked nectors from each flower each day .

*****************

# MOTHER : MORE THAN WHAT WE SEE AND KNOW





A mother's love for her child is like nothing else in the world. It knows no love,no pity,it dare all things and crushes down  all that stands in it's path.....................

Agatha christie

Mother,who can play the role of anyone,but whose role no one else can take up, we might not have enough words to describe our mother, and how important is she in our life...........................

From the moment we are born till we are cradled in the chariot of death, we come across many relation, some are just for time pass,some betray you, some leave you alone when you need their presence the most, some stay with you because of you attribute, some are compelled to stay with you due to blood relation or some one who has been tied to you by a knot.

But, there is some one who surpasses the love, care and affection of anyone related to you and yes, she is your MOTHER. The love of mother has no match and no one can replace her love. A mother's eternal love and care cannot be exemplified. A mother's love for her child is immeasurable. When you were in her whom, she took every step. So gentle and carefully, brother you from your deep sleep. Holy prophet (PBUH) said that: KINDNESS ONE'S PARENTS WAS OF THE BEST DEEDS AN DISOBEDIENCE TO  THEM WAS AMONGST THEM THE MAJOR SINS.

But in today's society many mother's are dealt as those of house maids without showing any respect to her, Which is of no cost. She bears too much pain to full fill our dream and needs,we just throw her away as if she meant nothing to us when she


old and week and and needs a shoulder. We don't think of her past, nor do we take notice of the sleepless night she had spent for us ? No do we remember her concern, when we were afraid of our shadows and she was our only life guard. And we don't even remember her support, her concern, when we were afraid of our own shadows and she was our only life guard. And we don't even remember the way. She wiped our tears when we used to cry for silly things like broken toys. Quran Says 'NOT A WORD OF DISRESPECTED TO YOUR MOTHER-respecting our mother must be our top priority as we were her to priority.

We must never let her down. She carries her child nine months in her womb, bears all the pain and trouble in the process and when her child comes to her arms she forgets all the pain and loves her child unconditionally. When we were

bone, we were so helpless and depent and she was our pillar to hold on, mother teaches us the assence of life mother is instinctive philosopher who's philosephy help us in every step of our life. After the mother's death, one day while prophet. Moosa (A)was climbing a mountain; he got slipped, that time Allah, the Almighty wand him 'BE CAREFUL MOOSA BECAUSE THE PRAYING HANDS (his mother)IS NO MORE......' Yes, when you have your dua's (prayer's) you stand against the world.

She is ready to bear any pain but never wants a scratch to fall on us. She is the supreme lover on this earth whose love has no boundaries. A mother is a blanket of a soothing love. No mather how bad of a day she had, she will always bethere with a shoulder to cry on and Sympathetic ear to hear us. She never feds bored in our company and her ears would alwaysbe eager to here our syories, Fun and drama filled gossips. She is a wonderful miracle of god. Her single kiss and hug can calm any stormy rage or pouring eyes.

We must never let her down,we must always try to be the reason for her smile,not the reason for sorrow and sadness. Love your mother,the best critic of deeds yet our strongest supporter.




**"MY LORD- MERCY UPON MY PARENTS THE WAY THEY**

**HAD MERCY UPON ME MAKE ME THE REASON FOR THE HAPPINESS IN THEIR EYES AND SATISFACTION OF THEIR SOULS.......”**

**************************

# THE BOY MUSICIAN



A long time ago,there lived a king and a queen. They had a pretty daughter and her name was Princess Jane. She had a fine and happy altitude. One day the princess asked her father for a good musician for her birthday party.

The next day, the king announced that the best musician will be rewarded and they get a chance for present the music on the Princess's Birthday party. One by one started coming for present their talents in music. But the princess didn't like any of them.

At last,a boy came with a flute. He had a cute dog and he starting blowing the flute and according to the music the dog starting dance. The princess was very excited to see the dog dancing and at last the winner was the boy with flute.

And the king and the Queen rewarded him a lot of gold coin and he went to the princess's birthday party. At the birthday party he started playing a different music . And the king, the Queen, the Princess and all people started dancing in the party,and then at last,he became world famous Musician.

The End.

By Anamika. T S

******************


हिन्दी

# कभी तॊ वह दिन भी ऒऎगा

- विस्मया पी. ऎ

कभी तॊ वह दिन आएगा
जब हम सब हॊंगे साथ
सुनेंगे जब हम अपने दिल की बात
ऒर रहेंगे हम सब ऎक साथ

कभी तॊ सुख का सूरज उगेगा
ऒर चारॊ तरफ खुशहाली फैलाएगा
तब पकडेंगे सब मिलकर हाथ
और कदम मिलाऎंगॊ सब साथ साथ

कभी तॊ यह दुनिया बदलेगा।
जब कही भी भेद- भाव न आएगा।
सबसॆ करेंगे हम प्यार
और मिटाऎंगे सब दीवार

कभी तॊ वह एक दिन आएगा
जब यह दुनिया ही बदल जाएगा
हॊकर हम सब साथ- साथ
करेंगे उस दिन का इनतजार

## പദശേഖരം

addicted.....45
allot.....45
amazing.....43
assence.....51
attribute.....50
betray.....50
betray.....50
branches.....43
cradled.....50
dig.....47
exemplified.....50
flute.....53
imagine.....45
jealoused.....47
knot.....50
knot.....50
miracle.....51
music.....53
Musician.....53
nector.....47
pretty.....47
priority.....51
priority.....51
queen.....53
rewarded.....53
stormy.....51
sucked.....47
surpasses.....50
wings.....43
cradled.....50
അതിവിദഗ്ദരായ.....33
അവിസ്മരണീയമായ.....26, 34
ആസ്വദിച്ചു.....25
കമ്പ്യൂട്ടർ.....20
കലാവിരുത്.....33
കാച്ചിയ പാൽ.....19
കാൻസർ.....21
കോകിലം.....10

ക്ഷമ....................................................................................................................................19
ദർശിച്ചു................................................................................................................................24
പാവപ്പെട്ട..............................................................................................................................20
പിണങ്ങിപ്പോയി.....................................................................................................................19
പൊൻതളിക.........................................................................................................................25
പ്രസിദ്ധമായ..........................................................................................................................28
മായുള്ള.................................................................................................................................10
മാരകമായ.............................................................................................................................21
ൽ.........................................................................................................................................10
വിസ്മയകരമായിരുന്നു............................................................................................................27
വെളിച്ചം...............................................................................................................................25
ശാന്തി..................................................................................................................................25
സജ്ജീകരിച്ചിരുന്നത്.................................................................................................................33
സന്ദർശനം.............................................................................................................................28
സഫാരി................................................................................................................................27
സസ്യങ്ങളും...........................................................................................................................24
സാന്ദ്രമാം..............................................................................................................................10

****************************************************

****************************************